**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2636** **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലും വിദ്യാഭ്യാസവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. അനിൽ അക്കര ,<br>ശ്രീ. വി. പി. സജീന്ദ്രൻ,<br>ശ്രീ . സണ്ണി ജോസഫ് | | Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് തൊഴിലും വിദ്യാഭ്യാസവും ഉറപ്പാക്കി അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; | (എ) | പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലും വിദ്യാഭ്യാസവും ഉറപ്പാക്കി അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. സാമൂഹ്യപഠനമുറി പട്ടികവർഗ്ഗകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യം വച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും, ലഘുഭക്ഷണവും ഒരുക്കുന്ന പദ്ധതി 2017-18 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. 2. ഗോത്രബന്ധു വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക പട്ടിക വർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്നു. 3. സമഗ്ര ആദിവാസി സാക്ഷരത പദ്ധതി പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും ആദിവാസി സാക്ഷരത – തുല്യതാ പരിപാടി. 4.മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം. 5. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം 6. സൈനികസ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലന പദ്ധതി (അട്ടപ്പാടി). 7. ലാപ്ടോപ്പ് വിതരണം ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നത് 2018-19 വർഷം മുതൽ 32 ആയി വർദ്ധിപ്പിച്ചു. 2020-21 വർഷം 314 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു വരുന്നു. 8. വിദേശപഠനത്തിനുള്ള ധനസഹായം 9. നൈപുണ്യ വികസന പദ്ധതി 10. കരിയർ ഗൈഡൻസ് ജോബ് |

ഫെയർ 2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. 11. സെന്റർ ഫോർ സ്കിൽ എക്സലൻസ്- ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഡെസ്ക് ടോപ്പ് എഞ്ചിനിയറിംഗ്, നെറ്റ് വർക്കിംഗ് മൾട്ടി മീഡിയ, ഹാൻഡ് വെയർ & സോഫ്റ്റ് വെയർ മെയിൻറനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 128 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പരിശീലനം പൂർത്തിയാക്കി പ്ലേസ്സ്മെന്റ് ഉറപ്പാക്കിയിട്ടുണ്ട്. 12. വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്. 13. തൊഴിൽ നൈപുണ്യം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. 14. അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് 2018-19 -ൽ വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തുന്നതിന് സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണ ഫാക്ടറി അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 15.തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിനങ്ങൾക്ക് പുറമെ കേരളത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. കൂടാതെ വകുപ്പ് മുഖേന നടപ്പിലാക്കിയ ചുവടെ പറയുന്ന വിവിധ പദ്ധതികളിലൂടെ താത്കാലിക നിയമനം നൽകി ജോലി ഉറപ്പ് വരുത്തുന്നുണ്ട്. 1.സാമൂഹ്യപഠനമുറി പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും 2017-18 വർഷം തെരഞ്ഞെടുത്ത ഊരുകളിൽ 250 സാമൂഹ്യപഠനമുറികൾ സ്ഥാപിക്കുകയുണ്ടായി. 2. സമഗ്ര സാക്ഷരത- ഇൻസ്ട്രക്ടർ/പ്രേരക്മാർ പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാകുന്നതിനും പട്ടികവർഗ്ഗ

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളിലെ കൊഴിഞ്ഞ്പോക്ക് തടയുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ 100 പട്ടികവർഗ്ഗ പ്രേരക് മാരെ നിയമിക്കുകയും അവർക്ക് പ്രതിമാസം 12,000/-രൂപ നൽകുകയും ചെയ്യുന്നു. 3. കമ്മിറ്റഡ് സോഷ്യൽ വർക്കർ എം.എ സോഷ്യോളജി, എം.എ ആന്ത്രപ്പോളജി, എം.എസ്.ഡബ്ല്യു എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള 53 പട്ടികവർഗ്ഗ യുവതീയുവാക്കളെ പട്ടികവർഗ്ഗക്കാരുടെ സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി കമ്മിറ്റഡ് സോഷ്യൽ വർക്കർമാരായി വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. 4.പട്ടികവർഗ്ഗ പ്രൊമോട്ടർമാർ പട്ടികവർഗ്ഗത്തിൽപ്പെട്ട 1182പേരെ പട്ടികവർഗ്ഗ പ്രൊമോട്ടർമാരായി നിയമിച്ചിട്ടുണ്ട്. 5. മാനേജ്മെന്റ് ട്രെയിനികൾ 140 പട്ടികവർഗ്ഗ യുവതീ യുവാക്കളെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ മാനേജ്മെന്റ് ട്രെയിനികളായി നിയമിച്ചിട്ടുണ്ട്. 6.പട്ടികവർഗ്ഗ കുടുംബശ്രീ ആനിമേറ്റർമാർ പട്ടികവർഗ്ഗ വികസന വകുപ്പ് കുടുംബശ്രീയുമായി ചേർന്ന് നടപ്പിലാക്കിയ സ്പെഷ്യൽ ട്രൈബൽ പ്രോജക്ട് മുഖേന 200 പട്ടികവർഗ്ഗ ആനിമേറ്റർമാരെ നിയമിച്ചു. കൂടാതെ പി.എസ്.സി മുഖേന പട്ടികവർഗ്ഗക്കാർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 46 വകുപ്പുകളിലായി 1487 പേർക്ക് സർക്കാർ മേഖലകളിൽ തൊഴിൽ നൽകുകയുണ്ടായി. |
| (ബി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഇതിനകം അവിടെ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ടോയ്ലറ്റ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, അഗ്നി പ്രതിരോധ സംവിധാനം, ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക് ട്രാക്ക്, ജല ശുദ്ധീകരണ പദ്ധതി, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാ ചാലകം, മിനി മാസ്റ്റ് ലൈറ്റ്, സോളാർ പവർ പ്ലാന്റ്, സി.സി.ടി.വി, സ്റ്റീം ബേയ്സ്ഡ് കിച്ചൺ, വാട്ടർ പ്യൂരിഫയർ, ബയോ ഹസാർഡ് സ്പിൽ കിറ്റ് എന്നിവ ലഭ്യമാക്കുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പഠനാന്തരീക്ഷവും, അദ്ധ്യാപനവും മികച്ചതാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, സയൻസ് ലാബുകൾ, ഇ ബുക്ക്, ലൈബ്രറി എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പട്ടികവർഗ്ഗ കുട്ടികൾക്ക് എൻട്രൻസ് പരീക്ഷക്ക് തയ്യാറെടുക്കുവാൻ പ്രത്യേക പരിശീലനപരിപാടികൾ നടത്തുന്നുണ്ടോ. വിശദമാക്കുമോ; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹയർ സെക്കണ്ടറി സയൻസ് ബാച്ച് നിലവിലുള്ള 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എൻട്രൻസ് കോച്ചിംഗിന് പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ +2 സയൻസ്, കണക്ക് വിഷയമെടുത്ത് കുറഞ്ഞത് 4 വിഷയത്തിനെങ്കിലും 'ബി' ഗ്രേഡിൽ കുറയാതെ ഗ്രേഡു ലഭിച്ച വിജയിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് NEET, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾക്കു മുമ്പായി ദീർഘകാല കോച്ചിംഗ് ക്ലാസ് നൽകി വരുന്നു. ഇതിനായി അപേക്ഷകരിൽ നിന്നും ഏറ്റവും യോഗ്യരായ 90 പേരെ തെരഞ്ഞെടുത്ത് NEET, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിനായി സംസ്ഥാനത്തെ പ്രശസ്തമായ പരിശീലന സ്ഥാപനം മുഖേന ദീർഘകാലത്തെ (ഒരു വർഷം) പ്രത്യേക പ്രവേശന പരീക്ഷാ പരിശീലനം നൽകി വരുന്നു. കൂടാതെ +2 സയൻസ് വിഷയങ്ങൾ തെരഞ്ഞെടുത്ത് പഠിക്കുന്ന 150 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് NEET, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് മുമ്പായി ഒരു മാസത്തേക്ക് താമസ ഭക്ഷണ സൗകര്യങ്ങളോടുകൂടി സംസ്ഥാനത്തെ പ്രശസ്തമായ പരിശീലന സ്ഥാപനം മുഖേന പ്രത്യേക പ്രവേശന പരീക്ഷാ പരിശീലനവും നൽകി വരുന്നുണ്ട്. |
| (ഡി) | അവർക്കായുള്ള ഗോത്രജീവിക പദ്ധതി പ്രകാരം നടപ്പിലാക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ? | (ഡി) | 2016-17 വർഷം മുതൽ ആരംഭിച്ച ഗോത്രജീവിക പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപ്പെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വ വികസനത്തിലൂടെ തൊഴിൽ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ